10065
19/10/20

" ഭരണഭാഷ - മാതൃഭാഷ "

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്

### പരിപത്രം

നം.ഉപ.സി.1/5/19/ഉഭപവ തിരുവനന്തപുരം, തീയതി 24.06.2020

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സാങ്കേതിക വിഭാഗം തസ്തികകളിലടക്കം സ്ഥിരമായി ഒഴിവു വരാത്ത വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ ഒരു വർഷം അല്ലെങ്കിൽ മൂന്നു വർഷത്തിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 25.11.2019 ലെ GR III A(2)/50026/2018-KPSC നം. കത്ത്.

സാങ്കേതിക വിഭാഗം തസ്തികകളിലടക്കം സ്ഥിരമായി ഒഴിവു വരാത്ത വിഭാഗത്തിൽപ്പെട്ട തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സാധാരണഗതിയിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് ഒന്നു മുതൽ മൂന്നു വർഷത്തിനു ശേഷമാണെന്നും അതിനാൽ ടി തസ്തികകളിലേക്ക് യോഗ്യരായ ചില ഉദ്യോഗാർത്ഥികൾക്ക് പ്രായപരിധി കഴിഞ്ഞതുമൂലം അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ സർക്കാർ പി.എസ്.സിയുടെ ഉപദേശം തേടിയിരുന്നു. സ്ഥിരമായി ഒഴിവുകൾ ഉണ്ടാകുന്ന (LDC, LGS, വിവിധ അദ്ധ്യാപക തസ്തികകൾ

ഇടങ്ങിയവ) തസ്തികകൾ സമയബന്ധിതമായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റ് റദ്ദാവുന്ന മുറയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരും വിധം നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. എന്നാൽ അപ്രകാരം ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയില്ലാത്ത തസ്തികകൾ, ഒഴിവുകൾ ഇല്ലാതെ വിജ്ഞാപനം ചെയ്താൽ അത്തരം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കു ലഭ്യമാകുന്ന സ്വാഭാവിക കാലാവധിയായ ഒരു വർഷം അല്ലെങ്കിൽ പരാമവധി 3 വർഷം കാലാവധിയുടെ ഉള്ളിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ പരിമിതമാവുകയോ അല്ലെങ്കിൽ ഇല്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകാനിടയുണ്ട്. ആയതിനാൽ അത്തരം തസ്തികകൾ വിജ്ഞാപനം ചെയ്യുന്നതിന് ഒഴിവ് (പ്രതീക്ഷിത ഒഴിവ് ഉൾപ്പെടെ) ലഭ്യമാകുന്നതിന് ശേഷമാണ് വിജ്ഞാപനത്തിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നത്. മേൽ സാഹചര്യത്തിൽ സാങ്കേതിക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകൾക്കു റാങ്ക് ലിസ്റ്റ് എല്ലായ്പ്പോഴും നിലവിൽ ഉണ്ടാകണമെങ്കിൽ ഒരു വർഷം, അല്ലെങ്കിൽ മൂന്ന് വർഷത്തിൽ ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട നിയമനാധികാരികൾക്കു നിർദ്ദേശം നൽകാൻ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് അപ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഈ വിഷയം പരിഹരിക്കാൻ കഴിയുമെന്നും പി.എസ്.സി. സൂചന കത്തുപ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ എപ്പോഴും റാങ്ക് ലിസ്റ്റ് ഉണ്ടായിരിക്കണമെന്നത് വളരെ അത്യാവശ്യമാണ്. അപ്രകാരം റാങ്ക് ലിസ്റ്റ് ഉണ്ടെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ പി.എസ്.സിക്ക് നിയമന ശിപാർശ നൽകുവാൻ കഴിയുന്നതാണ്. സാങ്കേതിക വിഭാഗം തസ്തികകളിലടക്കം സ്ഥിരമായി ഒഴിവുകൾ വരാത്ത തസ്തികകളിൽ പി.എസ്.സി.

നിർദ്ദേശിച്ചിരിക്കുംപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ഈ വിഷയത്തിന്മേൽ ഒരു പരിഹാരം കാണാനാകുമെന്ന പി.എസ്.സിയുടെ ശിപാർശ പ്രായോഗികവും, അംഗീകരിക്കാവുന്നതുമാണെന്ന് സർക്കാർ കാണുന്നു.

3. മേൽ സാഹചര്യത്തിൽ , സാങ്കേതിക വിഭാഗം തസ്തികകളിലടക്കം സ്ഥിരമായി ഒഴിവു വരാത്ത വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ എല്ലായ്പ്പോഴും റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടാകുന്നതിന് ടി തസ്തികകളിൽ ഒരു വർഷം അല്ലെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും /നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

4. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾ/ നിയമനാധികാരികൾ , ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതും ആയത് ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

കെ. ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ വകുപ്പ്/പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(വിപുലമായ പ്രചരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ